# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 253 — 04-02-2013-ൽ മറുപടിയ്ക്ക്

## റോഡപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി.സി. ജോർജ്ജ് :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ 2012-13 കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട റോഡപകടങ്ങളിൽ, പരിക്കേൽക്കുകയും മരണപ്പെടുകയും ചെയ്തത് എത്ര പേർ എന്ന് അറിയിക്കുമോ ; | (എ) 2012-ൽ 36,174 റോഡപകടങ്ങൾ നടക്കുകയും അതിൽ 4,285 പേർ മരിക്കുകയും 41,460 പേർക്ക് പരിക്കേൽക്കുകയും 2013 കാലയളവിൽ (27.1.2013 വരെ) 2,530 റോഡപകടങ്ങൾ നടക്കുകയും 265 പേർ മരിക്കുകയും 2,563 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. |
| (ബി) അപകടത്തിൽ പരിക്കേറ്റ് റോഡരികിലും മറ്റും കിടക്കുന്നവരെ യഥാസമയം ആശുപത്രിയിലെത്തിക്കാൻ പൊതുജനങ്ങൾക്ക് വൈമനസ്യം ഉണ്ടാക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (ബി) പരിശോധിച്ചിട്ടുണ്ട്. അപകടത്തിൽ പരിക്കേറ്റ് റോഡരികിലും മറ്റും കിടക്കുന്നവരെ യഥാസമയം ആശുപത്രിയിലെത്തിക്കാൻ പൊതുജനങ്ങളിൽ പലരും വൈമനസ്യം കാണിച്ച് ഒഴിഞ്ഞ് പോകാറുണ്ട്. കൂടുതലും സമയ നഷ്ടവും കോടതി നടപടികളിലും മറ്റും ഉൾപ്പെട്ട് ഹാജരാകേണ്ടി വരുമോ എന്ന ഭയവും കാരണമായിരിക്കാം പൊതു |

ജനങ്ങൾ ഇതിൽ നിന്നും ഒഴിഞ്ഞു മാറുന്നത്.

(സി) ഇപ്രകാരം പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കാൻ വൈകുന്നത് വഴി യഥാസമയം ചികിത്സ ലഭിക്കാതെ മരണപ്പെടുന്ന സംഭവങ്ങൾ ഇല്ലാതാക്കാൻ ഉതകുന്ന തരത്തിൽ പൊതുജനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) ആവശ്യമായ ബോധവത്ക്കരണ പരിപാടി സ്കൂൾ കോളേജ് തലത്തിലും ഓട്ടോ ടാക്സി ഡ്രൈവർ മാർക്കിടയിലും പൊതുജനങ്ങൾക്കിടയിലും മറ്റും നടത്തി വരുന്നു. പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുന്ന പൊതുജനങ്ങൾക്ക് ഇൻസ്പെക്ടർ തലത്തിൽ പാരിതോഷികം നൽകുന്നതുൾപ്പെടെ പല പ്രോത്സാഹനങ്ങൾ നൽകി വരുന്നു.

(ഡി) അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തിര സഹായം നൽകാൻ തയ്യാറാകുന്നവർ നേരിടേണ്ടി വരുന്ന നിയമ പ്രശ്നങ്ങൾ എപ്രകാരം ലഘൂകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

(ഡി) അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തിര സഹായം നൽകാൻ തയ്യാറാകുന്നവർ നിയമ പ്രശ്നങ്ങളൊന്നും നേരിടേണ്ടി വരുന്നില്ല.

സെക്ഷൻ ഓഫീസർ